ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 05.11.2026 | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.) ഏഷ്യൻ പാരാ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും
PM Modi to interact with Indian contingent of Asian Para Games 2026

2.) ആഗോള പ്രതിസന്ധികൾ മറികടക്കാൻ വിതരണ ശൃംഖലകൾ വൈവിധ്യവത്കരിക്കണമെന്ന് കോമൺവെൽത്ത് രാജ്യങ്ങളോട് വിദേശകാര്യമന്ത്രി എസ് ജയശങ്കർ
External Affairs Minister S. Jaishankar has urged Commonwealth countries to diversify supply chains through shorter, trusted routes, saying better connectivity would boost trade and business.

3.) കന്നുകാലി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളെ വിബി-ജി റാം ഗ്രാമീൺ പദ്ധതിയിലൂടെ ശക്തിപ്പെടുത്തണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി കേന്ദ്ര സർക്കാർ
Centre has issued an advisory to all States and and Union Territories to strengthen fodder security, pasture development and livestock-supportive infrastructure through convergence under the Viksit Bharat-Guarantee for Rozgar and Ajeevika Mission.

4.) കേരളത്തിൽ സമഗ്രമായ ഭിന്നശേഷി സൗഹൃദ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇരുപത്തിയേഴാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് തിരിതെളിഞ്ഞു.
Keralam Chief Minister VD Satheesan said that the state government is planning comprehensive differently-abled friendly initiatives across the state. The 27th State Special School Youth Festival started today in Thiruvananthapuram.

5.) **ഇറാനുമായുള്ള യുദ്ധം ഇടക്കാല തിരഞ്ഞെടുപ്പിൽ തിരിച്ചടിക്ക് കാരണമായതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.**
US President Donald Trump acknowledged that the eight-month-old war in Iran heavily impacted the midterm elections.

6) **ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും.**
In in hockey, India will take on Japan in final of Asian Champions Trophy in Mohali today.

****

PM – ASIAN PARA GAMES 2026

ഏഷ്യൻ പാരാ ഗെയിംസ് 2026-ൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ സംവദിക്കും. ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സിലാണ് പരിപാടി. ഏഷ്യൻ പാരാ ഗെയിംസിൽ 30 സ്വർണവും, 35 വെള്ളിയും, 49 വെങ്കലവും ഉൾപ്പെടെ 114 മെഡലുകൾ നേടി ഇന്ത്യൻ താരങ്ങൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

****

JAISHANKAR – SUPPLY CHAINS

ആഗോള പ്രതിസന്ധികൾ മറികടക്കാൻ വിശ്വസനീയവും ഹ്രസ്വവുമായ പാതകളിലൂടെ വിതരണ ശൃംഖലകൾ വൈവിധ്യവത്കരിക്കണമെന്ന് കോമൺവെൽത്ത് രാജ്യങ്ങളോട് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. കൂടുതൽ മികച്ച വിനിമയ പാതകൾ വ്യാപാരബന്ധങ്ങൾക്ക് കരുത്തുപകരുമെന്നും അദ്ദേഹം പറഞ്ഞു. ആൻറിഗ്വ ആൻഡ് ബാർബുഡയിലെ സെൻറ് ജോൺസിൽ, കോമൺവെൽത്ത് രാഷ്ട്ര മേധാവികളുടെ സമ്മേളനത്തോട് അനുബന്ധിച്ചുള്ള ബിസിനസ്സ് പ്രമുഖരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ശക്തമായ പ്രാദേശിക വിതരണ ശൃംഖലകൾ, നൈപുണ്യ വികസനം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയുടെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി.

****

CENTRE ADVISORY- LIVESTOCK

കന്നുകാലി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളെ വിബി-ജി റാം ഗ്രാമീൺ പദ്ധതിയിലൂടെ ശക്തിപ്പെടുത്തണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി കേന്ദ്ര സർക്കാർ. കാലിത്തീറ്റ സുരക്ഷ, മേച്ചിൽപ്പുറ വികസനം, കന്നുകാലി സംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചാണ് നിർദ്ദേശം. കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുകയുമാണ് ഇതിൻറെ ലക്ഷ്യം. കന്നുകാലി സംരക്ഷണവുമായി ബന്ധപ്പെട്ട 22 പ്രവൃത്തികളെയാണ് വിബി ജി റാം ജി പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന തലത്തിൽ ഇതിനായി കർമ്മ പദ്ധതി ആവിഷ്കരിക്കണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

****

CABINET – AGNIVEERS

സൈന്യത്തിലെ അഗ്നിവീറുകളുടെ സേവന കാലാവധി നാലിൽ നിന്ന് ആറ് വർഷമായി ഉയർത്തി കേന്ദ്രമന്ത്രിസഭാ യോഗം. അഗ്നിവീറുകളുടെ ആദ്യ ബാച്ച് നാല് വർഷത്തെ സേവന കാലാവധി അടുത്ത മാസം പൂർത്തിയാക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. ഇന്ത്യയുടെ ഹരിത ഊർജ്ജ പദ്ധതികൾക്ക് കൂടുതൽ കരുത്തേകാൻ മണിക്കൂറിൽ 92 ഗിഗാവാട്ട് ശേഷിയുള്ള ഊർജ്ജ സംഭരണ പദ്ധതിക്കും ഇന്നലെ ചേർന്ന മന്ത്രിസഭ യോഗം അംഗീകാരം നൽകി.

****

ISA – BAHAMAS

അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിലെ 116-ാമത് അംഗമായി ദ്വീപ് രാഷ്ട്രമായ ബഹാമസ്. ന്യൂഡൽഹിയിൽ ISA അസംബ്ലിയുടെ ഒൻപതാമത് സമ്മേളനത്തോടനുബന്ധിച്ചാണ്, ബഹാമസ് അംഗത്വം സ്വീകരിച്ചത്.്യ

****

CM – SPECIAL SCHOOL FEST (INTRO)

കേരളത്തിൽ സമഗ്രമായ ഭിന്നശേഷി സൗഹൃദ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇരുപത്തിയേഴാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്ത് നിലവിലുള്ള ഏറ്റവും ആധുനിക സൗകര്യങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.
(വോയിസ്...)

****

Planning Board Meeting

സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടിപ്പിക്കപ്പെട്ട ശേഷമുള്ള ആദ്യ പൂർണ യോഗം ഇന്ന് തിരുവനന്തപുരത്ത്. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിലാണ് യോഗം.. 15-ാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖ, വർക്കിങ് ഗ്രൂപ്പുകളുടെ രൂപീകരണം, തുടങ്ങിയ വിഷയങ്ങൾ യോഗം പരിഗണിക്കും.

****

CAIT- RAHUL GANDHI

കഴിഞ്ഞ ഒരു മാസമായി ഡൽഹിയിൽ നടന്ന രാഷ്ട്രീയ റാലികൾ, പ്രതിഷേധങ്ങൾ തുടങ്ങിയവ കാരണം വ്യാപാര പ്രവർത്തനങ്ങൾ തുടർച്ചയായി തടസപ്പെട്ടതിൽ പ്രതിഷേധമറിയിച്ച് കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ്, കോൺഗ്രസ് നേതാവും ലോക്സഭ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധിക്ക് കത്തയച്ചു. വ്യാപാരികൾക്കുണ്ടായ നഷ്ടങ്ങൾക്ക് ഉത്തരവാദിത്തം ആരാഞ്ഞു കൊണ്ടുള്ളതാണ് കത്ത്. ദീപാവലിക്ക് ശേഷം വ്യാപാരികളുടെ ദേശീയതല യോഗം ന്യൂഡൽഹിയിൽ വിളിച്ചു ചേർത്ത് ഭാവി പരിപാടികൾ തീരുമാനിക്കുമെന്നും CAIT സെക്രട്ടറി ജനറൽ പ്രവീൺ ഖണ്ഡേൽവാൾ അറിയിച്ചു.

****

SIRSA DELHI POLLUTION

ഡൽഹിയിലെ വായു മലിനീകരണം കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ വലിയതോതിൽ ഉയരാൻ കാരണം പഞ്ചാബിൽ വൈക്കോൽ

കത്തിക്കുന്നത് വർദ്ധിച്ചതാണെന്ന് ഡൽഹി പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിങ് സിർസ. ചൊവ്വാഴ്ച മാത്രം പഞ്ചാബിലെ 580 ഇടത്തു നിന്നും വൈക്കോൽ കത്തിക്കുന്ന സംഭവം റിപ്പോർട്ട് ചെയ്തതായും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ പുതിയ നിർമാണ പ്രവർത്തനങ്ങളോ, മലിനീകരണമോ ഈ ദിവസങ്ങളിൽ വർദ്ധിച്ചിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

****

LAKSHADWEEP SCHOOL GAMES (INTRO)

35 മത് ലക്ഷദ്വീപ് സ്കൂൾ ഗെയിംസ് കൽപേനി ദ്വീപിൽ പുരോഗമിക്കുന്നു. ഗവൺമെന്റ് സർദാർ പട്ടേൽ സീനിയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ പുരോഗമിക്കുന്ന ആവേശകരമായ പോരാട്ടങ്ങളിൽ 10 ദീപുകളിൽ നിന്നും 600 ലതികം കായിക താരങ്ങളാണ് പങ്കെടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൽ സലാം.
(വോയ്സ്)

****

Khelo Bharat

കേന്ദ്ര കായിക മന്ത്രാലയം അവതരിപ്പിക്കുന്ന ഖേലോ ഭാരത് ക്വിസിന് മൈ ഭാരത് പോർട്ടലിൽ തുടക്കമായി. രാജ്യത്തെ കായിക ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ ചെയ്യുന്ന പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ മാസം 20 വരെയാണ് ക്വിസിൽ പങ്കെടുക്കാൻ അവസരം.

****

HOCKEY

ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. മൊഹാലിയിൽ രാത്രി 7 മണിക്കാണ് മത്സരം. ഇന്നലെ നടന്ന സെമിയിൽ ദക്ഷിണ കൊറിയയെ ഒന്നിനെതിരെ എട്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്.

****

ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 5 മണിക്ക് ഗോവയിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ചർച്ചിൽ ബ്രദേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7. 30 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ, ഒഡീഷ എഫ് സിയെ നേരിടും.

****

US ELECTION

ഇറാനുമായുള്ള യുദ്ധം ഇടക്കാല തിരഞ്ഞെടുപ്പിനെ സാരമായി ബാധിച്ചതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. സംഘർഷവുമായി ബന്ധപ്പെട്ട് ഇന്ധനവില കുതിച്ചുയർന്നതിൽ വോട്ടർമാർക്ക് കടുത്ത അതൃപ്തിയുണ്ടായിരുന്നതായി, തിരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തുവന്നതിന് പിന്നാലെ ട്രംപ്, വൈറ്റ് ഹൗസിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. റിപ്പബ്ലിക്കൻ പാർട്ടി നേരിട്ട പരാജയത്തിന് കാരണം ഇറാനുമായുള്ള യുദ്ധമാണെന്ന് യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും പ്രതികരിച്ചു. യു.എസിൽ ജനപ്രതിനിധിസഭയിലും സെനറ്റിലും ഡെമോക്രാറ്റുകൾ മേൽക്കൈ നേടിയത് ട്രംപിന് വലിയ തിരിച്ചടിയായിരിക്കുകയാണ്.

****

SHAH- HAZARIKA

വിഖ്യാത സംഗീതജ്ഞനും ഭാരത രത്ന പുരസ്കാര ജേതാവുമായ ഭൂപൻ ഹസാരികയുടെ ചരമവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കാലാതീതമായ സംഗീതത്തിലൂടെ ഭൂപൻ ഹസാരിക ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തെ സമ്പന്നമാക്കിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

****

I4C - ADVISORY

നിർമിതബുദ്ധി ഉപയോഗിച്ചുള്ള സൈബർ ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഫിൻടെക് കമ്പനികൾക്കും ഇന്ത്യൻ സൈബർ

ക്രൈം കോർഡിനേഷൻ സെന്റർ മുന്നറിയിപ്പ് നൽകി. ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിന്റെ സുരക്ഷാ നടപടികൾ അടിയന്തരമായി നടപ്പിലാക്കാനും നിർദേശിച്ചു. ഇത്തരം തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആറ് മണിക്കൂറിനുള്ളിൽ അടിയന്തിര പ്രതികരണ വിഭാഗത്തെ വിവരം അറിയിക്കണമെന്നും RBI യുടെ 'DAKSH' പോർട്ടലിൽ റിപ്പോർട്ട് ചെയ്യണമെന്നും നിർദേശത്തിൽ പറയുന്നു.

****

Mining Conference

കേന്ദ്ര ഖനി മന്ത്രാലയം സംഘടിപ്പിക്കുന്ന സംസ്ഥാന മന്ത്രിമാരുടെ നാലാമത് സമ്മേളനത്തിന് ഇന്ന് ഗോവയിൽ തുടക്കം. ഖനന വകുപ്പ് ചുമതലയുള്ള മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരുമാണ് രണ്ട് ദിവസത്തെ യോഗത്തിൽ പങ്കെടുക്കുന്നത്. മേഖല നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, സംസ്ഥാനങ്ങൾക്കിടയിലെ സഹകരണത്തെക്കുറിച്ചും യോഗം ചർച്ച ചെയ്യും.

****

SABARIMALA

ചിത്തിര ആട്ട വിശേഷവുമായി ബന്ധപ്പെട്ട പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. ശനിയാഴ്ച ആണ് ചിത്തിര ആട്ട തിരുനാൾ. ചിത്തിര ആട്ട തിരുനാളുമായി ബന്ധപ്പെട്ട പൂജകൾ പൂർത്തിയാക്കി ശനിയാഴ്ച രാത്രി 10ന് നട അടയ്ക്കും. പിന്നീട് മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ഈ മാസം 16 നാവും നട തുറക്കുക.

****

V D SATHEESAN

കൃഷി കേരളം പദ്ധതിയുടെ ഭാഗമായി ക്ലിഫ് ഹൗസ് പരിസരത്ത് പച്ചക്കറി തൈകൾ നട്ട് മുഖ്യമന്ത്രി വി ഡി സതീശൻ. കൃഷിവകുപ്പ് മന്ത്രി ടി സിദ്ദിഖ്, തിരുവനന്തപുരം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ എന്നിവർക്കൊപ്പം ചേർന്ന് കാബേജ്, കോളിഫ്ളവർ തൈകൾ നട്ടാണ് മുഖ്യമന്ത്രി കൃഷി കേരളം പദ്ധതിയിൽ പങ്കാളിയായത്. ജൈവകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കൃഷിവകുപ്പിന്റെ പദ്ധതിയാണ് കൃഷി കേരളം.

****

SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,638 പോയിൻറും, നിഫ്റ്റി 474 പോയിൻറും നേട്ടത്തിൽ വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ വൻ വർധന. ഗ്രാമിന് 295 രൂപ കൂടി 13,385 രൂപയും പവന് 2,360 രൂപ കൂടി ഒരു ലക്ഷത്തി 7,080 രൂപയുമാണ് ഇന്നത്തെ വില.

****

****

****